LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 22, വ്യാഴം

വാല്യം : 143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 19

നിയമസഭ 2010 ജൂലൈ മാസം 22-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.....ചോദ്യം നമ്പർ *511

വനിതാ വ്യവസായ യൂണിറ്റുകൾ

1 (*511) ശ്രീമതി കെ. എസ്. സലീഖ :
ശ്രീമതി കെ. കെ. ലതിക :
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻമണി ഗ്രാന്റും നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) ഉൽപ്പന്നങ്ങളുടെ വിപണനത്തിന് എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്;

(സി) കഴിഞ്ഞ വർഷം വനിതാ സംരംഭകർ എത്ര വ്യവസായ യൂണിറ്റുകൾ ആരംഭിച്ചു;

(ഡി) വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് പ്രത്യേക സഹായം നൽകുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

വ്യവസായ വകുപ്പുമന്ത്രി (ശ്രീ. എളമരം കരീം): സർ,

(എ) വനിതാ വ്യവസായ സംരംഭകർക്ക് പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻ മണി ഗ്രാന്റും നൽകുന്നതിന് 2009-10 വർഷം മുതൽ വിമൻസ് ഇൻഡസ്ട്രീസ് സ്കീം എന്ന പദ്ധതി നിലവിലുണ്ട്. ഈ പദ്ധതി പ്രകാരം മാനേജ്മെന്റിനും വിപണനത്തിനും ആവശ്യമായ ശേഷിവികസനത്തിനുള്ള 20 ദിവസം നീണ്ടു നിൽക്കുന്ന പരിശീലനം കൊടുക്കുക, പുതിയ വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ബാങ്ക് വായ്പയും മാർജിൻമണി ഗ്രാന്റും നൽകുക, ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന് വിപണന സഹായം നൽകുക എന്നീ ഘടകങ്ങൾക്ക് ധനസഹായം നൽകിവരുന്നു. ഈ പദ്ധതിപ്രകാരം പദ്ധതിച്ചെലവിന്റെ 20 ശതമാനം പരമാവധി 3 ലക്ഷം രൂപവരെ സർക്കാർ മാർജിൻമണി ഗ്രാന്റായും 70 ശതമാനം ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പയായും 10 ശതമാനം ഗുണഭോക്തൃ വിഹിതമായുമാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്.

(ബി) വനിതാ സംരംഭകർക്ക് വിപണന സഹായത്തിനായി വിമൻസ് ഇൻഡസ്ട്രീസ് സ്കീം പ്രകാരം താഴെപ്പറയുന്ന ആവശ്യങ്ങൾക്ക് ധനസഹായം നൽകിവരുന്നു.

ബി.ഐ.എസ്/അഗ്മാർക്ക് സർട്ടിഫിക്കറ്റ്

ഉല്പന്നത്തിന് പുതിയതും ആകർഷകവുമായ പാക്കേജ് വികസിപ്പിക്കുക.

മാധ്യമങ്ങളിൽക്കൂടി പരസ്യങ്ങൾ നൽകുക.

പരസ്യ ബോർഡുകൾ സ്ഥാപിക്കുക.

ദേശീയ പ്രാദേശിക പ്രദർശനത്തിന് പങ്കെടുക്കുക.

(സി) കഴിഞ്ഞ വർഷം വനിതാ സംരംഭകർ 2832 വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) വനിതകളുടെ പ്രാഥമിക വ്യവസായ സഹകരണ സംഘങ്ങൾക്ക് ഓഹരി വിഹിതമായി പിരിച്ചെടുക്കുന്ന ഓഹരി മൂലധനത്തിന്റെ 6 ഇരട്ടി പരമാവധി ഒരു സംഘത്തിന് 3.50 ലക്ഷം രൂപ സർക്കാർ ഓഹരി വിഹിതമായും മെഷീനറി വാങ്ങുന്നതിന് ചെലവാകുന്ന തുകയുടെ 50 ശതമാനം പരമാവധി 25,000 രൂപയും ധനസഹായം നൽകിവരുന്നു.

ശ്രീമതി കെ. എസ്. സലീഖക്ക് വേണ്ടി ശ്രീ. സാജു പോൾ: സർ, കുടുംബശ്രീ പ്രസ്ഥാനവും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രാതിനിധ്യവും വഴി അടുക്കളയിലെ പുക്കയിൽ വെന്തുരുകിയിരുന്ന നമ്മുടെ സഹോദരിമാർ എല്ലാ രംഗങ്ങളിലും മുന്നേറിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ വ്യവസായരംഗത്ത് വൈവിദ്ധ്യമാർന്ന ഒരുപാട് മേഖലകൾ പുതുതായി ഭക്ഷ്യസംസ്കരണം, ഗാർമെന്റ്സ്, പ്ലാസ്റ്റിക്, വേസ്റ്റ് മാനേജ്മെന്റ്,

LIBRARY ARCHIVES Kerala Legislative Assembly

ഹാന്റിക്രാഫ്റ്റ്സ്, പ്രിന്റിംഗ്, ഡയറി, ഈവന്റ് മാനേജ്മെന്റ്, ഹോം നേഴ്സിംഗ്, ഡിറ്റക്ടീവ് ഏജൻസി ഇങ്ങനെ അനന്തമായ സാദ്ധ്യതകളാണ് ഉള്ളത്. അപ്പോൾ അതിനാവശ്യമായ തരത്തിലുള്ള പരിശീലനം സെക്ടർ ഓറിയന്റഡായി ഫിനിഷിംഗ് സ്കൂളിന്റെയൊക്കെ മാതൃകയിൽ വളരെ സമഗ്രമായി സർവ്വതല സ്പർശിയായി നടപ്പാക്കാൻ സർക്കാർ തയ്യാറാകുമോ?

ശ്രീ. എളമരം കരീം: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് തന്നെയാണ് ഇതിന്റെ ആശയം. സ്ത്രീ സംരംഭകർ പുതുതായി മുന്നോട്ടു വയ്ക്കുന്ന ആശയങ്ങൾക്കനുസരിച്ച് സംരംഭങ്ങൾ ആരംഭിക്കുന്നതിന് പരിശീലനം നൽകി അവരെ പ്രാപ്തരാക്കുകയെന്നത് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യമാണ്.

ശ്രീ. സാജു പോൾ: സർ, ഇന്ന് പല വ്യവസായ മേഖലകളിലും പ്ലാസ്റ്റിക്, പ്ലൈവുഡ് അല്ലെങ്കിൽ ഭക്ഷ്യസംസ്കരണം ഇതിലെല്ലാം ക്ലസ്റ്റർ, കൺസോർഷ്യം അങ്ങനെയൊരു പുതിയ സങ്കല്പം, കോമൺ ഫെസിലിറ്റി സെന്ററുകൾ, ടൂൾ ബാങ്കുകൾ അതുപോലെതന്നെ നെറ്റ്വർക്ക് മാർക്കറ്റിംഗ് ഇങ്ങനെ ഒരുപാട് പുതിയ നൂതനങ്ങളായ സംവിധാനങ്ങൾ വന്നിട്ടുണ്ട്. അതുകൊണ്ട് ഇതിന്റെ മാർക്കറ്റിംഗ് വലിയൊരു പ്രശ്നമാണ്. ആലുവയിൽ കുടുംബശ്രീ സഹോദരിമാരുടെ ഒരു വില്പനശാല റോഡിൽ കെട്ടിയെന്നുള്ളതു കൊണ്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിനെത്തുടർന്ന് പോലീസ് അത് പൊളിച്ചുനീക്കുകയുണ്ടായി. അതുകൊണ്ട് സെൻട്രലൈസ്ഡ് മാർക്കറ്റിംഗ് നെറ്റ്വർക്ക് എംപോറിയങ്ങൾ, നമ്മുടെ കൈത്തറി അല്ലെങ്കിൽ ഖാദി ഉല്പന്നങ്ങൾക്കും കരകൗശല സംരംഭകർക്കുമെല്ലാമുള്ളതുപോലെതന്നെ വനിതാ വ്യവസായ സംരംഭകർക്ക് പ്രത്യേകമായ വിപണന കേന്ദ്രങ്ങൾ എല്ലാ നഗരങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: സർ, മാർക്കറ്റിംഗിന് കാര്യമായി സഹായിക്കുന്നതിന് ഒരു സ്കീം ഇതിനകത്തുണ്ട്. പരസ്യബോർഡുകൾ വയ്ക്കാനും മാധ്യമങ്ങളിൽ പരസ്യം നൽകുന്നതിനുമൊക്കെ സാമ്പത്തിക സഹായം നൽകും. അതോടൊപ്പംതന്നെ അവരുടെ ഉല്പന്നങ്ങൾ സെൻട്രലൈസ്ഡ് മാർക്കറ്റിംഗിന്, അതുപോലെ അത് ബ്രാൻഡ് ചെയ്യുന്നതിന് ആവശ്യമായ സഹായം ചെയ്യാവുന്നതാണ്. ആ നിലയിൽ സംരംഭകരെ സഹായിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

ശ്രീമതി കെ. കെ. ലതിക: സർ, കേരളത്തിലെ തൊഴിൽനയം ഇൻഡ്യയിലെ ജനങ്ങൾ അഭിമാനത്തോടുകൂടി കാണുന്ന ഒന്നാണ്. ഒരു തൊഴിലാളിയെപ്പോലും പിരിച്ചുവിടാതെ ഒരു വ്യവസായശാല പോലും പൂട്ടാതെയാണ് കേരളത്തിലെ സർക്കാരും താങ്കളും മുന്നോട്ടുപോകുന്നത്. വ്യവസായ ക്ലസ്റ്റർ വികസന പദ്ധതിയിൽ വനിതാ വ്യവസായ സംരംഭകരെ ഉൾപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ; അതുപോലെ ചെറുകിട വ്യവസായ മേളകൾ സംഘടിപ്പിക്കാൻ വനിതാ വ്യവസായികൾക്ക് ആവശ്യമായ സഹായം ചെയ്തുകൊടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം: സർ, സമാനസ്വഭാവമുള്ള ചെറുകിട വ്യവസായങ്ങളാണ് ക്ലസ്റ്ററുകളായി രൂപം കൊള്ളുന്നത്. അത്തരം ക്ലസ്റ്ററുകൾ രൂപീകരിക്കുന്നതിന് വനിതാ സംരംഭകർ മുന്നോട്ടുവന്നാൽ ഗവൺമെന്റ് എല്ലാവിധ സഹായവും ചെയ്തുകൊടുക്കുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വ്യവസായരംഗത്ത് സ്ത്രീകളെ വളർത്തിക്കൊണ്ടുവരുന്നതിന് അങ്ങയുടെ വകുപ്പ് സ്വീകരിക്കുന്ന സമീപനത്തെ അഭിനന്ദിക്കുകയാണ്. എല്ലാ വകുപ്പുകളും സ്ത്രീകൾക്കായി നിരവധി പദ്ധതികൾ ഇതുപോലെ പ്ലാൻ ചെയ്യുകയാണ്. പക്ഷെ അവ പലതും ഫലപ്രദമായിട്ട് വരുന്നില്ല. എനിക്ക് പറയാനുള്ളത്, ഇപ്പോൾ കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ഇത്തരത്തിലുള്ള നിരവധി ചെറുകിട യൂണിറ്റുകളുണ്ടാക്കുന്നുണ്ട്. പല കുടുംബശ്രീ അയൽക്കൂട്ടങ്ങൾ ചേർന്ന് ഒരു പഞ്ചായത്തിൽ ഒന്ന് എന്ന ക്രമത്തിൽ ക്ലസ്റ്ററുകൾ രൂപീകരിച്ചുകൊണ്ട് ഏതെങ്കിലും തരത്തിലുള്ള ഒരു ബ്രാൻഡഡ് ഉല്പന്നം, ഇപ്പോൾ അങ്ങയുടെ കീഴിലുള്ള സോപ്പ്സ്, ത്രിൽ വളരെ ഗുണമേന്മയുള്ള സോപ്പാണ്. അതിന്റെ പാക്കിംഗ് ഒക്കെ വളരെ നല്ലതാണ്. അതുപോലെ ഒരു പഞ്ചായത്തിൽ ഒന്ന് എന്ന നിലയിൽ വനിതാ സംരംഭങ്ങളുടെ ഒരു വ്യവസായ ക്ലസ്റ്റർ രൂപീകരിക്കുകയും അതിന് ഈ പറയുന്ന സഹായങ്ങളെല്ലാം ചെയ്തുകൊണ്ട് ബ്രാൻഡഡ് ആയിട്ടുള്ള ഒരു ഉല്പന്നം, എല്ലാവരും ഒന്നുതന്നെയുണ്ടാക്കാതെ, നിർദ്ദേശം കൊടുത്തുകൊണ്ട് വ്യത്യസ്തങ്ങളായിട്ടുള്ള ബ്രാൻഡഡ് ഉല്പന്നങ്ങൾ ഉണ്ടാക്കി വനിതാ വ്യവസായകരെ വളർത്തിക്കൊണ്ടുവരാൻ അങ്ങ് പരിശ്രമിക്കുമോ?

ശ്രീ. എളമരം കരീം: സർ, സമാനസ്വഭാവമുള്ള ഉല്പന്നങ്ങളുണ്ടാക്കുന്ന ചെറുകിട യൂണിറ്റുകളെയാണ് ക്ലസ്റ്ററിലേക്ക് കൊണ്ടുവരുന്നത്. അത്തരം ക്ലസ്റ്ററുകൾ രൂപീകരിക്കുകയാണെങ്കിൽ കോമൺ ഫെസിലിറ്റീസ് സെന്ററുകൾക്ക് കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സാമ്പത്തിക സഹായം ലഭിക്കും. വളരെ വിജയകരമായി നടക്കുന്ന ചില വനിതാ സംരംഭക ക്ലസ്റ്ററുകൾ ഇപ്പോൾത്തന്നെ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. അങ്കമാലിയിലെ വനിതാ അപ്പാരൽസ്, നാച്ചുറൽ ഫൈബർ ആന്റ് അലൈഡ് പ്രോഡക്ട്സ് കോട്ടയം, ട്രഡീഷണൽ ഫുഡ് പ്രോഡക്ട്സ് കോട്ടയം, ഗാർമെന്റ്സ് ക്ലസ്റ്റർ കൊല്ലം ഇതെല്ലാം വളരെ മാതൃകാപരമായ നിലയിൽ സ്ത്രീകൾതന്നെ നടത്തുന്ന സംരംഭങ്ങളുടെ ക്ലസ്റ്ററുകളാണ്. ഈ മാതൃകയിൽ പുതിയ സംരംഭങ്ങൾ വന്നാൽ ഗവൺമെന്റ് പ്രോത്സാഹിപ്പിക്കുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, സ്ത്രീകളെ സഹായിച്ചുകൊണ്ട് ഇത്തരത്തിൽ ധാരാളം സംരംഭങ്ങൾ തുടങ്ങാൻ അവസരം നൽകിയതിനാൽ ഒരുപാട് സ്ത്രീകൾക്ക് മുന്നോട്ടുവരാൻ സാധിച്ചിട്ടുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതിന് പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പം എന്റെ ചോദ്യം വനിതാവ്യവസായങ്ങൾക്ക് ഐ.എസ്.ഒ. സർട്ടിഫിക്കേഷൻ ലഭ്യമാക്കുവാൻ സർക്കാർ ധനസഹായം നൽകുന്നുണ്ടോ; അതുപോലെ

വ്യവസായ പാർക്കുകളിൽ സ്ഥലം അനുവദിക്കുന്നതിൽ വനിതകൾക്ക് പ്രത്യേക പരിഗണന നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അത് കൊടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: സർ, ഐ.എസ്.ഒ. സർട്ടിഫിക്കേഷന് അവർക്ക് വേണ്ടിവരുന്ന ചെലവിന്റെ 50 ശതമാനം ഗ്രാന്റായി നൽകാൻ ഈ സ്കീമിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. വ്യവസായ പാർക്കുകളിൽ സ്ത്രീസംരംഭകർ അപേക്ഷ നൽകുമ്പോൾ അവർക്ക് മുൻഗണന നൽകി പ്ലോട്ട് അലോട്ട് ചെയ്യുന്ന സമ്പ്രദായം ഇപ്പോൾത്തന്നെ നിലവിലുണ്ട്.

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, വ്യവസായങ്ങളിൽ പൊതുവേ പ്രത്യേകിച്ച് വനിതാ വ്യവസായങ്ങളിൽ അതിന്റെ ഫീസിബിലിറ്റിയും മാർക്കറ്റിംഗിന്റെ സാധ്യതകളും വേണ്ടത്ര പരിശോധിക്കാത്തതുകൊണ്ട് പലപ്പോഴും ആദ്യം കാണിക്കുന്ന ആവേശം പിന്നീട് നിലനിൽക്കണമെന്നില്ല. അതുകൊണ്ട് ഇതിനെപ്പറ്റി എക്സ്പർട്ടൈസ് അഡ്വൈസ് കൊടുക്കാൻ ഒരു സെൽ രൂപീകരിക്കുന്ന കാര്യം പരിഗണിക്കുമോ?

ശ്രീ. എളമരം കരീം: സർ, നമുക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളിൽ ഇത്തരം സംരംഭകർക്കാവശ്യമായ എല്ലാ വിവരങ്ങളും നൽകുന്നതിനുള്ള ഡാറ്റാ ബേസ് ഇപ്പോൾ നിലവിലുണ്ട്. ഇതു കൂടാതെ പുതിയ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും അവർക്ക് ഗൈഡൻസ് നൽകുന്നതിനും 'എന്റർപ്രണർഷിപ്പ് ഡെവലപ്പ്മെന്റ് സെന്റർ' എന്ന പേരിൽ കേരള ഗവൺമെന്റിന്റെ കീഴിൽ ഒരു സ്ഥാപനം പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനെയെല്ലാം ഉപയോഗപ്പെടുത്തി വനിതാ സംരംഭകർക്കായി പ്രത്യേകമായ പരിശീലനം നൽകുന്നതിനും സഹായം നൽകുന്നതിനും സംവിധാനമുണ്ടാക്കാം.

ശ്രീമതി ജെ. അരുന്ധതി: സർ, വനിതാ വ്യവസായ യൂണിറ്റുകൾക്കും അതുപോലെ കുടുംബശ്രീ പ്രവർത്തകർക്കും ഇപ്പോൾ ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചിട്ടുള്ള പലിശയിളവ്, ഒമ്പത് ശതമാനത്തിൽ നിന്ന് നാല് ശതമാനമായി കുറവ് ചെയ്തിട്ടുണ്ട്. പക്ഷെ പല ബാങ്കുകളും ഇതുവരെയും അത് നടപ്പിലാക്കുവാൻ തയ്യാറായിട്ടില്ല. അത് പ്രാവർത്തികമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: സർ, ബാങ്കുകൾ ചെറുകിട വ്യവസായ സംരംഭകർക്കും സ്വയംതൊഴിൽ സംരംഭകർക്കുമൊക്കെ നൽകുന്ന വായ്പകൾക്ക് പലിശനിരക്ക് കുറയ്ക്കണമെന്ന് പലപ്പോഴായി ഗവൺമെന്റ് ആവശ്യപ്പെട്ടതാണ്. അവരെ വിളിച്ച് സംസാരിക്കുന്നുണ്ട്. റിസർവ്വ് ബാങ്ക് ഗവർണ്ണറും ബോർഡ് മെമ്പർമാരും തിരുവനന്തപുരത്ത് വന്നപ്പോൾ ധനകാര്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ ഞങ്ങൾ അവരെ കണ്ട് ഈ വിഷയങ്ങൾ സംസാരിക്കുകയും ചെയ്തു. ഈ അടുത്ത ദിവസം ബാംഗ്ലൂരിൽ എം.എസ്.എം.ഇ. സെക്ടർ വായ്പയെ സംബന്ധിച്ചൊരു പ്രത്യേക യോഗം,

LIBRARY ARCHIVES Kerala Legislative Assembly

ചേരുകയുകയുണ്ടായി. ഇത്തരം വിഷയങ്ങൾ ചർച്ച ചെയ്യാൻ കേന്ദ്ര ധനകാര്യ വകുപ്പ് ധനകാര്യമന്ത്രിമാരുടെ മീറ്റിംഗ്തന്നെ വിളിച്ചുകൂട്ടിയിരുന്നു. അതുകൊണ്ട് ഈ പ്രശ്നം ഗൗരവമായെടുക്കുന്നതാണ്.

ശ്രീ. കെ. ബാബു: സർ, നമ്മുടെ സംസ്ഥാനത്ത് ഒരു ചെറിയ വ്യവസായം വിജയിച്ചാൽ എല്ലാവരും ആ വഴിക്ക് തന്നെ നീങ്ങും. അത് വിപണനത്തെ വളരെയേറെ പ്രതികൂലമായി ബാധിക്കും. വനിതാ വ്യവസായങ്ങൾക്കായാലും ചെറുകിട വ്യവസായങ്ങൾക്കായാലും ഫീസിബിളായിട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകൾ ആവശ്യമാണ്. അതുകൊണ്ട് ഫീസിബിളായിട്ടുള്ള പ്രോജക്ട് റിപ്പോർട്ടുകളുണ്ടാക്കുന്നതിനുള്ള നടപടികൾ എന്താണ്; അതുപോലെ തന്നെ ബ്രാന്റഡ് ആക്കുന്നതാണ് വിൽപ്പനയ്ക്ക് സൗകര്യം. എന്നാൽ കുടുംബശ്രീയുടെ ആഭിമുഖ്യത്തിലുള്ള ഉൽപ്പന്നങ്ങളായാലും ചെറുകിട വ്യവസായത്തിലെ ഉൽപ്പന്നങ്ങൾ ആയാലും ബ്രാന്റഡ് ആക്കുമ്പോൾ ടാക്സ് കൊടുക്കേണ്ടിവരും. കേരളത്തിൽ ചെറുകിട അല്ലെങ്കിൽ വനിതാ വ്യവസായ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ബ്രാന്റഡ് ആക്കുമ്പോൾ അതിനെ ടാക്സിൽനിന്നും ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: ഫീസിബിലിറ്റി റിപ്പോർട്ട് ഉണ്ടാക്കുന്നതിന് വ്യവസായ വകുപ്പിൽനിന്നും സഹായം നൽകുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം പറഞ്ഞത് ശരിയാണ്. ഒരാൾ വിജയിച്ചാൽ അതേ പാതയിൽത്തന്നെ കൂടുതൽ ആളുകൾ വരാൻ താൽപ്പര്യം കാണിക്കുകയും അവസാനം വിപണനത്തിന്റെ പ്രശ്നമുണ്ടാകുകയും ചെയ്യുന്നുണ്ട്. ഇത് പരിഗണിച്ചുകൊണ്ട് വ്യക്തമായ നിലയിൽ അവർക്ക് ഉപദേശം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രത്തിൽ സംവിധാനം ഉണ്ടാക്കുന്നതാണ്. ബ്രാന്റഡ് ആക്കുമ്പോൾ ടാക്സ് വരുന്ന പ്രശ്നത്തെക്കുറിച്ച് ധനകാര്യ വകുപ്പുമന്ത്രി വിശദമാക്കും.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): സർ, ബ്രാന്റഡ് ഉൽപ്പന്നങ്ങൾക്ക് നികുതി വയ്ക്കുന്നത് അസംഘടിതമായിട്ടുള്ള അൺബ്രാന്റഡ് ചെറുകിട വ്യവസായങ്ങളെ സംരക്ഷിക്കുന്നതിനുവേണ്ടിയാണ്. പക്ഷേ ഇപ്പോൾ അസംഘടിത മേഖലയിൽ എന്തെങ്കിലും ബ്രാന്റ് നെയിം ഇടും. അതുകൊണ്ട് രജിസ്റ്റേർഡ് ബ്രാന്റ്സിനു മാത്രമേ നികുതി വയ്ക്കാൻ ഉദ്ദേശിക്കുന്നുള്ളൂ.

ശ്രീ. റ്റി. എൻ. പ്രതാപൻ: സർ, നമ്മുടെ കുടുബശ്രീ സംവിധാനം വളരെ സജീവമായ സാഹചര്യത്തിൽ പല സ്ഥലത്തും കുടുബശ്രീ യൂണിറ്റുകൾ ചെറുകിട വ്യവസായങ്ങൾ ആരംഭിച്ച് നല്ലരീതിയിലായിട്ടുണ്ട്. അവയെക്കൂടി ഇതിന്റെ പരിധിയിൽകൊണ്ടുവന്ന് തദ്ദേശസ്വയംഭരണ വകുപ്പുമായി കൂടിയാലോചിച്ച് വ്യവസായ വകുപ്പ് വനിതകളുടെ ഒരു ക്ലസ്റ്റർ ഉണ്ടാക്കുന്നതിനുവേണ്ടി ആലോചിക്കുമോ?

ശ്രീ. എളമരം കരീം: അത് പരിശോധിക്കാം. വിജയകരമായി നടത്തുന്ന ചെറിയ ചെറിയ യൂണിറ്റുകളെ ഈ രൂപത്തിൽ സംഘടിപ്പിക്കുന്ന കാര്യത്തെക്കുറിച്ച് ഗൗരവമായി ആലോചിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എൻ. അനിരുദ്ധൻ: സർ, ചെറുകിട വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് മാർക്കറ്റിംഗ് പ്രധാന തടസ്സമാണ്. മാർക്കറ്റിംഗിനുള്ള തടസ്സം നീക്കുന്നതിന് ക്വാളിറ്റി വർദ്ധിപ്പിക്കുക എന്നതാണ് ആവശ്യമായിട്ടുള്ളത്. എന്റെ നിയോജകമണ്ഡലത്തിൽ കുടുംബശ്രീ യൂണിറ്റുകളെല്ലാംകൂടി ചേർന്ന് മൂന്നു കോടി രൂപ മുടക്കി ഒരു ഗാർമെന്റ് മേക്കിംഗ് യൂണിറ്റ് ഉണ്ടാക്കി. അതിന്റെ മാർക്കറ്റിംഗ് ഒരു പ്രധാന പ്പെട്ട വിഷയമാണ്. പക്ഷേ അവർക്ക് എക്സ്പെർട്ട് ട്രെയിനിംഗ് വേണം. ക്വാളിറ്റി നന്നായില്ലെങ്കിൽ മാർക്കറ്റിൽ കോംപീറ്റ് ചെയ്യാൻ പറ്റില്ല. ആ മാർക്കറ്റിൽ കോംപീറ്റ് ചെയ്യത്തക്ക എക്സ്പെർട്ട് ട്രെയിനിംഗ് ഇവർക്ക് നൽകുന്ന തിനാവശ്യമായ ശ്രമം ഗവൺമെന്റ് തലത്തിൽ നടത്തുമോ?

ശ്രീ. എളമരം കരീം: അവർക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം ഈ സ്കീമിലുണ്ട്. മാത്രമല്ല, ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് ആവശ്യമായ നിലയിൽ സ്റ്റാന്റേർഡ് ഉയർത്തുന്നതിന് അവർക്ക് വരുന്ന ചെലവിന്റെ 50 ശതമാനംവരെ ഗ്രാന്റായി നൽകുന്ന തുൾപ്പെടെയുള്ളത് ഈ ഒരു ലക്ഷ്യംവച്ചുകൊണ്ടുള്ളതാണ്. ഇതിന്റെ ഗുണനിലവാരം ഉയർത്തി മാർക്കറ്റിംഗിൽ മത്സരിക്കുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക എന്നത് തന്നെയാണ് ലക്ഷ്യം.

ശ്രീ. വി. എൻ. വാസവൻ: സർ, കോട്ടയം ജില്ലയിൽ ഒട്ടേറെ വനിതാ വ്യവസായ യൂണിറ്റുകൾ വളരെ വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. അതിൽ പ്രത്യേകിച്ച് കുമരകം കേന്ദ്രീകരിച്ച് ഈ അടുത്ത കാലത്ത് റെസ്പോൺസിബിൾ ടൂറിസത്തിന് ദേശീയ ബഹുമതി കിട്ടുമ്പോൾ അവിടത്തെ വനിതാ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ചു കൊടുത്ത ഹാന്റിക്രാഫ്റ്റ്സ് ഉൾപ്പെടെയുള്ള ഒട്ടേറെ പ്രോഡക്ടുകൾ വിറ്റഴിക്കാനുള്ള അവസരം അവർക്ക് ലഭിച്ചു. എന്നാൽ ഉൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിലേയ്ക്ക് വരാൻ സഹായിക്കുന്ന സാഹചര്യം നിലവിലില്ല. അതിന് ജില്ലാ വ്യവസായ കേന്ദ്രവു മായി ബന്ധപ്പെടുത്തി അവർക്ക് പുതിയ പരിശീലനവും സഹായവും ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: ഒരോ പ്രദേശത്തിന്റേയും സാദ്ധ്യതകൾക്ക നുസരിച്ച് ഉൽപ്പന്നങ്ങളിൽ വൈവിദ്ധ്യം കൊണ്ടുവരുന്നതിന് അവരെ പ്രേരിപ്പിക്കുന്നതിനാവശ്യമായ സഹായം ചെയ്യുന്നതാണ്.

ശ്രീ. എം. ചന്ദ്രൻ: സർ, ബി.ആർ.ജി.എഫ്.-ന്റെ ഫണ്ട് ഉപയോഗിച്ചു കൊണ്ട് വനിതാസ്വയം സഹായ സംഘങ്ങൾ വ്യവസായങ്ങൾ നടത്തുന്നുണ്ട്. ഇത്തരത്തിൽ ഒരു വ്യവസായ യൂണിറ്റ് എന്റെ നിയോജക മണ്ഡലമായ ആലത്തൂരിലുണ്ട്. കുടുംബശ്രീ ഉണ്ടാക്കുന്ന നേന്ത്രകായ്കൾ വാങ്ങി ചിപ്സാക്കി കയറ്റുമതി ചെയ്യുന്ന ഒരു യൂണിറ്റാണ് അവിടെ ആരംഭിച്ചിട്ടുള്ളത്. ഇത്തരം യൂണിറ്റുകൾക്ക് എന്തെങ്കിലും സഹായം സംസ്ഥാന ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നൽകാൻ കഴിയുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എളമരം കരീം: അക്കാര്യം പ്രത്യേകം പരിശോധിച്ചിട്ട് പറയാം.

ശ്രീ. എ. എം. ആരീഫ്: സർ, ഇപ്രകാരം നേരത്തെ ആരംഭിച്ചിട്ടുള്ള ചില സംരംഭങ്ങൾ കോംപീറ്റ് ചെയ്യാൻ കഴിയാതെ നിശ്ചലമായി കിടപ്പുണ്ട്. അത് വീണ്ടെടുക്കുന്നതിനുവേണ്ടി ഇൻഡസ്ട്രീസ് സെന്ററുമായി ബന്ധപ്പെട്ട് ഒരു യോഗം ചേർന്ന് ആലോചിച്ചപ്പോൾ ജപ്തി നടപടികളടക്കം നേരിടുന്ന ഈ സ്ഥാപനങ്ങൾ വീണ്ടെടുക്കാൻ ഒരുപാട് നിയമ പ്രശ്നങ്ങളും നൂലാമാലകളുമുണ്ട്. ഇതെല്ലാം വീണ്ടെടുത്ത് ലാഭകരമായി നടത്താൻ കഴിയുന്ന സംരംഭങ്ങൾക്കായി അത് വിനിയോഗിക്കാൻ കഴിയുന്നതാണ്. അത്തരത്തിലുള്ള സംരംഭങ്ങൾ കേരളത്തിലൊട്ടാകെ ഉണ്ട്. അത് വീണ്ടെടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. എളമരം കരീം: പ്രതിസന്ധിയിലായതും പൂട്ടിക്കിടക്കുന്നതുമായ ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിനെ സംബന്ധിച്ച് ഒരു സ്കീം തയ്യാറാക്കിയിരുന്നു. പുനരുദ്ധരിക്കാൻ കഴിയുന്നവ പ്രത്യേകം തെരെഞ്ഞെടുത്ത് പുനരുദ്ധാരണത്തിനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിരുന്നു. ഈ ആസ്തികളെല്ലാം വീണ്ടെടുത്ത് പുനരുദ്ധാരണത്തിന് സാദ്ധ്യതയുള്ളതെല്ലാം പരിശോധിക്കാനുള്ള നടപടി സ്വീകരിക്കാം.

ജല അതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം

2 (*512) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വർക്കല കഹാർ :
ശ്രീ. എ. എ. ഷുക്കൂർ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജലഅതോറിറ്റിയുടെ ശാക്തീകരണ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിനായി രൂപീകരിച്ച മാനേജ്മെന്റ് ജീവനക്കാരുടെ പ്രതിനിധികളടങ്ങുന്ന സംയുക്ത സമിതിയുടെ ഘടനയും പ്രവർത്തനരീതിയും സംബന്ധിച്ച് എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് നൽകിയത് ;

(സി) ജല അതോറിറ്റിയുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ പ്രസ്തുത സംവിധാനത്തിലൂടെ സാദ്ധ്യമാക്കിയിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ഡി) വിവിധ പദ്ധതി നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ പ്രവർത്തനങ്ങൾക്ക് പ്രസ്തുത സംവിധാനം സഹായിക്കുന്നു എന്ന് വിശദമാക്കുമോ ;